# വേനൽ ചിത്രങ്ങൾ

നഗരത്തിലെ വാട്ടർ ടാപ്പിൽ –
ചുണ്ടുകുരുങ്ങി പിടയുന്നൊരു കാക്ക.

വെള്ളം തേടി മണ്ണുമാന്തിയ തോടിൽ –
മീനിന്റെ, പാമ്പിന്റെ, ആമയുടെ അസ്ഥികൂടങ്ങൾ.

വാട്ടർ പാർക്കിൽ ബാല്യ കൗമാര ജലകേളി –
തെരുവിൽ കണ്ണീരുകൊണ്ടു ചുണ്ടുനനക്കുമനാഥബാല്യങ്ങൾ

വെള്ളം തേടി മലകയറിയ പെൺകിടാവിനെ –
വഴിക്കണ്ണെറിഞ്ഞു വ്യഥാ കാത്തിരിക്കുന്നൊരമ്മ.

കുടിവെള്ളത്തിനു സമരമിരിക്കുന്നവൻ മുന്നിൽ –
'ഇവിടെ വെള്ളം പോലെ സുലഭം മറ്റെന്തെ'ന്നൊരുത്തൻ.

വിധിയുടെ കൈരേഖകൾ തെളിയും പാടത്ത് –
പിറക്കാതെ പോയ തവളക്കുഞ്ഞിൻ നിശ്ശബ്ദ രോദനം.

റബ്ബർ മരങ്ങൾക്കിടയിലെ തെങ്ങിൻ കരിക്ക് വെട്ടിയപ്പോൾ –
ഹതാശനായ കർഷകന്റെ കൺവെട്ടം

പേടിസ്വപ്നം കണ്ട് ഞെട്ടിയുണരും മകനായ് –
കരുതിയ ഒരിറക്കുവെള്ളം ഇരുട്ടിൽ തട്ടിമറിയുന്നു.

കടൽ ജലം ശുദ്ധീകരിക്കാൻ ഗവേഷണം ചെയ്യുന്നവൻ–
ഒരുകുപ്പി സാമ്പിൾ ശുദ്ധജലം തേടുന്നു.

രാക്കിനാക്കളിൽ പേക്കിനാക്കൾ കൂടുവെക്കുമ്പോൾ –
എനിക്ക് മഴ നൂലുകൊണ്ടൊരു വസ്ത്രം നെയ്യണം

**വൽസരാജൻ തില്ലങ്കേരി**

# കേൾക്കാറുണ്ടോ?

പറക്കുന്ന
ബെൻസിലേറി
കുതിച്ചു പായുമ്പോൾ
ചൂതാടിയും, കവർന്നും
തൃഷ്ണ ശമിപ്പിക്കുമ്പോൾ
നീ കേട്ടിട്ടുണ്ടാവുമോ?
ആത്മാവിന്റെ
അകം നൊന്തുള്ള
കരച്ചിൽ...
ചൈനീസും
പേർഷ്യനും
കടിച്ചുകുടഞ്ഞ്
മൃഷ്ടാന്നം ഭുജിക്കുമ്പോൾ
കേട്ടിരിക്കുമോ
ഷെഹ്നായിയുടെ
മുറിഞ്ഞൊഴുകും
വിലാപശ്രുതിപോലെ
ഒരു കരച്ചിൽ...!
ധ്യാനത്തിന്റെ
ഒരിറ്റു വെളിച്ചത്തെ
അശാന്തിയുടെ
ഇരുട്ടുറഞ്ഞ
നിന്റെ മനസ്സിൽ
തൂവിയെങ്കിൽ...
എങ്കിൽ
നീ കാണുമായിരുന്നു
അനാദിയായ വിശപ്പിനാൽ
തളർന്ന് വശം കെട്ട
നിന്റെ ആത്മാവിനെ...
തിന്നും കുടിച്ചും
രമിച്ചും ചിരിച്ചും
ആസക്തിയുടെ
കുതിര പായുമ്പോൾ
ഒരു പാവം മനസ്സിന്റെ
ദീനാലാപം...
കേൾക്കാറുണ്ടോ?!

**അശ്റഫ് കാവിൽ**